# കേരള സർവകലാശാല

നം. പി.ആർ.053/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അക്കാദമിക് കൗൺസിൽ യോഗം ഏപ്രിൽ ആറിന്

കേരള സർവകലാശാല അക്കാദമിക് കൗൺസിൽ യോഗം ഏപ്രിൽ ആറ് രാവിലെ 10 മണി മുതൽ പാളയം സെനറ്റ് ചേംബറിൽ നടക്കും. അംഗങ്ങൾ പ്രമേയങ്ങൾ മാർച്ച് 16 വൈകുന്നേരം നാല് മണിക്കകം രജിസ്ട്രാർക്ക് സമർപ്പിക്കണം.

### രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ ആരംഭിക്കും

കേരള സർവകലാശാലയുടെ കീഴിലുള്ള സി.ബി.സി.എസ് സമ്പ്രദായത്തിലുള്ള ഫസ്റ്റ് ഡിഗ്രി പ്രോഗ്രാമുകളുടെ (2017 അഡ്മിഷൻ) രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ ഇന്ന് (മാർച്ച് ഏഴ്) മുതൽ ആരംഭിക്കും.

### പരീക്ഷകൾ മാറ്റി

മാർച്ച് 13 മുതൽ തുടങ്ങുവാനിരുന്ന നാലാം സെമസ്റ്റർ യൂണിറ്ററി പരീക്ഷകൾ ഏപ്രിൽ നാല്, ആറ്, 10, 12 തീയതികളിലേക്ക് മാറ്റിവച്ചു. പുതുക്കിയ സമയവിവരപട്ടിക വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി പരീക്ഷ

മാർച്ച് 22-ന് ആരംഭിക്കാനിരുന്ന ഒൻപതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷ മാർച്ച് 26-ലേക്ക് പുനക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.കോം ഫലം

2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് കരിയർ റിലേറ്റഡ് ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138) 2b, 2016-റഗുലർ, 2015-സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 24. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### അസൈൻമെന്റ്/കേസ് സ്റ്റഡി എന്നിവ സമർപ്പിക്കണം

വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ഒന്നാം സെമസ്റ്റർ ബി.എ/ബി.എസ്‌സി/ബി.കോമിന്റെ അസൈൻമെന്റ്/കേസ് സ്റ്റഡി എന്നിവ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 13 വരെ നീട്ടി. ഏപ്രിൽ ഒൻപത് മുതൽ 13 വരെ കോർഡിനേറ്റർമാരെ നേരിട്ട് ഏൽപിക്കാവുന്നതാണ്. വിശദവിവരങ്ങൾ ideku.net -ൽ ലഭ്യമാണ്.

## ബി.ആർക്ക് ഫലം

2017 ജൂണിൽ നടന്ന ആറാം സെമസ്റ്റർ ബി.ആർക്ക് റഗുലർ & സപ്ലിമെന്ററി (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

2017 ജൂലൈയിൽ നടത്തിയ ഒൻപതാം സെമസ്റ്റർ ബി.ആർക് (2008 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡികാർഡും ഹാൾടിക്കറ്റുമായി ബി. ആർക് റീ വാല്യൂവേഷൻ സെക്ഷനിൽ മാർച്ച് എട്ട് മുതൽ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകണം.

## ബി.എ/ബി.എസ്സി/ബി.കോം/ബി.പി.എ/ബി.ബി.എ/ ബി.സി.എ/ബി.എസ്.ഡബ്ല്യൂ/ ബി.വോക് പരീക്ഷ

മാർച്ച് 26-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ/ബി. എസ്സി/ ബി.കോം/ ബി.പി.എ/ ബി.ബി.എ/ ബി.സി.എ/ ബി.എസ്.ഡബ്ല്യൂ/ ബി.വോക് (2016 അഡ്മിഷൻ- ഇംപ്രൂവ്മെന്റ്, 2013,2014,2015 അഡ്മിഷൻ-സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 12, 50 രൂപ പിഴയോടെ മാർച്ച് 15, 125 രൂപ പിഴയോടെ മാർച്ച് 17 വരെയും അപേക്ഷിക്കാം.

## ബി.എസ്സി പരീക്ഷ

ഏപ്രിലിൽ നടത്തുന്ന ബി.എസ്സി ആന്വൽ സ്കീം മൂന്നാം വർഷ സപ്ലിമെന്ററി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. മാർച്ച് ഏഴ് മുതൽ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.എം, എം.ബി.എൽ ഫലം

2017 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷയുടേയും അഞ്ചാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയുടേയും ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അന്താരാഷ്ട്ര സെമിനാർ

കേരള സർവകലാശാലയുടെ സുവോളജി പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് ഒൻപത് മുതൽ 11 വരെ റീജനറേറ്റീവ് മെഡിസിൻ ആന്റ് ക്രോണിക് ഡീജനറേറ്റീവ് ഡിസീസസ് ആന്റ് റോൾ ഓഫ് ഒമിക്സ് ആന്റ് ബയോമാർക്കേഴ്സ് ഇൻ ഹെൽത്ത് എന്ന വിഷയത്തിൽ അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## വാർഷിക പൊതുയോഗം

കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിലെ പി.ടി.എ യുടെ വാർഷിക പൊതുയോഗം മാർച്ച് 10 ശനിയാഴ്ച രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തും. അന്നേ ദിവസം എല്ലാ രക്ഷിതാക്കളും കോളേജ് ഓഡിറ്റോറിയത്തിൽ ഹാജരാകണം.

തിരുവനന്തപുരം.
06.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**